

ഖുർആൻ ബോധനം **841**

പ്രവാചകന്മാർ പ്രബോധനം ചെയ്ത ആദർശം എല്ലാ കാലത്തും അടിസ്ഥാനപരമായി ഒന്നായിരുന്നതുപോലെ അതിന്റെ പ്രതിയോഗികളുടെ എതിർപ്പിന്റെ സ്വഭാവവും എക്കാലത്തും ഒന്നു തന്നെയാകുന്നു. അതിനാൽ ഓരോ പ്രവാചകന്റെയും ജീവിതം ഇതര പ്രവാചകന്മാർക്കും, ഓരോ സമുദായത്തിന്റെയും ചരിത്രം ഇതര സമുദായങ്ങൾക്കും സുസ്ഥിരമായ പാഠമാകുന്നു.

എ.വൈ.ആർ

### സൂറ-23

# അൽ മുഅ്മിനൂൻ

**27.** അപ്പോൾ നാം അദ്ദേഹത്തെ ബോധനം ചെയ്തു: നമ്മുടെ മേൽനോട്ടത്തിലും ബോധനമനുസരിച്ചും കപ്പൽ നിർമിക്കുക. അനന്തരം നമ്മുടെ ഉത്തരവെത്തുകയും ആ അടുപ്പ് വെള്ളം ചീറ്റുകയും ചെയ്യുമ്പോൾ സകലയിനം ജന്തുക്കളിൽ നിന്നും ഓരോ ജോടിയെയും നിന്റെ ആളുകളെയും അതിൽ കയറ്റിക്കൊള്ളുക. അക്കൂട്ടത്തിൽ നേരത്തെ വിധി പറയപ്പെട്ടവർ ഒഴിവാക്കപ്പെടണം. അക്രമികളായവരുടെ കാര്യത്തിൽ നീ എന്നോട് സംസാരിക്കേണ്ടതില്ല. അവർ മുങ്ങിയൊടുങ്ങേണ്ടവർ തന്നെയാകുന്നു.

فَأَوْحَيْنَآ إِلَيْهِ أَنِ ٱصْنَعِ ٱلْفُلْكَ بِأَعْيُنِنَا وَوَحْيِنَا فَإِذَا جَآءَ أَمْرُنَا وَفَارَ
ٱلتَّنُّورُ ۙ فَٱسْلُكْ فِيهَا مِن كُلٍّ زَوْجَيْنِ ٱثْنَيْنِ وَأَهْلَكَ إِلَّا مَن سَبَقَ عَلَيْهِ
ٱلْقَوْلُ مِنْهُمْ ۖ وَلَا تُخَٰطِبْنِى فِى ٱلَّذِينَ ظَلَمُوٓا۟ ۖ إِنَّهُم مُّغْرَقُونَ ﴿٢٧﴾

**27**

فَأَوْحَيْنَآ إِلَيْهِ = അപ്പോൾ നാം അദ്ദേഹത്തെ ബോധനം ചെയ്തു   أَنِ ٱصْنَعِ ٱلْفُلْكَ = എന്തെന്നാൽ നീ കപ്പൽ നിർമിക്കുക

بِأَعْيُنِنَا = നമ്മുടെ മേൽനോട്ടത്തിൽ   وَوَحْيِنَا = നമ്മുടെ ബോധനം (അനുസരിച്ചും) കൊണ്ടും

فَإِذَا جَآءَ أَمْرُنَا = പിന്നെ നമ്മുടെ കൽപന വന്നാൽ (ഉത്തരവെത്തുകയും)

وَفَارَ ٱلتَّنُّورُ = ആ അടുപ്പ് (വെള്ളം) ചീറ്റുകയും ചെയ്യുമ്പോൾ   فَٱسْلُكْ فِيهَا = അതിൽ (യാത്ര ചെയ്യാൻ) കയറ്റുക

مِن كُلٍّ زَوْجَيْنِ = സകല (ഇനം) ജന്തുക്കളിൽ നിന്നും

ٱثْنَيْنِ = ഈരണ്ടെണ്ണത്തെ (ഓരോ ജോടിയെയും)   وَأَهْلَكَ = നിന്റെ കുടുംബത്തെയും (ആളുകളെയും)

إِلَّا مَن سَبَقَ عَلَيْهِ ٱلْقَوْلُ مِنْهُمْ = അവരിൽ നിന്ന് ആരുടെമേൽ വാക്ക് മുൻകടന്നിരിക്കുന്നുവോ അവനൊഴിച്ച്

(കൂട്ടത്തിൽ നേരത്തെ വിധി പറയപ്പെട്ടവർ ഒഴിവാക്കപ്പെടണം)

وَلَا تُخَٰطِبْنِى = നീ എന്നോട് സംസാരിക്കേണ്ടതില്ല

فِى ٱلَّذِينَ ظَلَمُوٓا۟ = ദൈവധിക്കാരികളുടെ കാര്യത്തിൽ, (സ്വന്തം ജീവിതത്തോട് അക്രമം കാണിച്ചവരുടെ കാര്യത്തിൽ)

إِنَّهُم = തീർച്ചയായും അവർ   مُّغْرَقُونَ = മുങ്ങി മരിക്കുന്നവർ (മുങ്ങിയൊടുങ്ങേണ്ടവർ തന്നെ) ആകുന്നു

# ഖുർആൻ ബോധനം

നൂഹി(അ)ന്റെ കപ്പലിനെക്കുറിച്ച് വിശദമായി സൂറഃ *ഹൂദി*ലും സൂറഃ *അൽഅഅ്റാഫി*ലും പറഞ്ഞു കഴിഞ്ഞിരിക്കുന്നു. വിശദീകരണം ആവശ്യമുള്ളവർ 23-ാം സൂക്തത്തിന്റെ വിശദീകരണത്തിൽ സൂചിപ്പിച്ച സൂക്തങ്ങളും അതിന്റെ വിശദീകരണവും നോക്കുക. ഈ സൂക്തം പരാമർശിക്കുന്ന കാര്യങ്ങൾ മാത്രമേ ഈ സന്ദർഭത്തിൽ ചർച്ച ചെയ്യുന്നുള്ളൂ. اصْنَعِ الْفُلْكَ بِأَعْيُنِنَا وَوَحْيِنَا എന്ന വാക്ക് *ഹൂദി*ലെ 37-ാം സൂക്തത്തിൽ ഇതേ രൂപത്തിൽ തന്നെ വിവരിക്കുന്നു. ഭാഷാപരമായ അർഥം *ഖുർആൻ ബോധനം* അവിടെ ചർച്ച ചെയ്തിട്ടുണ്ട്. നൂഹ് നബി നിർമിച്ചതാണ് ലോകത്തിലെ ആദ്യ കപ്പൽ എന്ന വീക്ഷണത്തെ ബലപ്പെടുത്തുന്നതാണ് ഈ വാക്യം.കപ്പൽ നിർമാണവും അതിന്റെ സാങ്കേതിക വിദ്യകളും നേരത്തെ സുപരിചിതമായിരുന്നുവെങ്കിൽ ഒരു കപ്പൽ നിർമിച്ചുകൊള്ളുക എന്നു മാത്രം പറഞ്ഞാൽ മതിയാകുമായിരുന്നു. നമ്മുടെ മേൽനോട്ടത്തിൽ നമ്മിൽ നിന്നുള്ള വെളിപാട് അനുസരിച്ച് എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. നിനക്കും സഖാക്കൾക്കും പ്രളയത്തിൽ നിന്ന് രക്ഷപ്പെടാൻ കപ്പൽ എന്നൊരു വാഹനം നിർമിക്കുക. അതിന്റെ നിർമാണത്തിന് നാം നേരിട്ട് മേൽനോട്ടം വഹിക്കാം. അതിന്റെ സാങ്കേതിക വിദ്യകൾ ബോധനം ചെയ്തു തരികയും ചെയ്യാം എന്ന ആശയത്തെയാണ് بِأَعْيُنِنَا وَوَحْيِنَا എന്ന വാക്ക് പ്രതിനിധീകരിക്കുന്നത്. നിർദിഷ്ട യാന പാത്രത്തിന്റെ പൂർണമായ രൂപരേഖ അതിന്റെ ഘടകങ്ങളുടെ വിശദീകരണത്തോടൊപ്പം അല്ലാഹു നൂഹ് നബിക്ക് വെളിപാട് നൽകി എന്നാണ് തൗറാത്ത് സൂചിപ്പിക്കുന്നത്. وَفَارَ التَّنُّورُ എന്ന വാക്കും *ഹൂദ്* 40-ാം സൂക്തത്തിൽ വന്നിട്ടുള്ളതാണ് വിശദീകരണം *ഖുർആൻ ബോധനം* അവിടെ നൽകിയിരിക്കുന്നു. ഒരുകാര്യം അതിന്റെ മൂർധന്യത്തിലെത്തുന്നതിനും فَارَ التَّنُّورُ എന്നു പറയുമെന്ന് ചില പണ്ഡിതന്മാർ പറയുന്നു. അത് പരിഗണിച്ച്, 'ആ ജനത്തിന്റെ ധിക്കാരം ഉച്ചകോടിയിലെത്തിയപ്പോൾ' എന്നും താൽപര്യമാകാവുന്നതാണ്. പ്രളയം പൊട്ടിപ്പുറപ്പെട്ടാൽ, അല്ലെങ്കിൽ അതിന്റെ സമയമായാൽ എന്ന അർഥമാണ് അധിക പണ്ഡിതന്മാരും സ്വീകരിച്ചിട്ടുള്ളത്. مِن كُلٍّ زَوْجَيْنِ اثْنَيْنِ -യിലെ كُلّ (എല്ലാ) എന്ന പദം ലോകത്തുള്ള സകല ജന്തുവർഗങ്ങളുടെയും ജോടി എന്ന അർഥത്തിലാണ് ചിലർ സ്വീകരിച്ചിട്ടുള്ളത്. ഭൂമിയുടെ എല്ലാ മുക്കുമൂലകളിലും ജീവിക്കുന്ന സകല ജന്തുവർഗങ്ങളും നൂഹ് നബിയുടെ നാട്ടിൽ ഉണ്ടായിരിക്കുക എന്നതുതന്നെ അതിവിദൂരമാകുന്നു. അങ്ങനെയായിരുന്നുവെങ്കിൽ ലോകത്തിലെ ഏറ്റവും വലിയ സുവോളജിക്കൽ പാർക്കാകുമായിരുന്നു ആ നാട്. അങ്ങനെ ഉണ്ടായിരുന്നുവെങ്കിൽ തന്നെ എല്ലാറ്റിന്റെയും ജോടികളെ ഒരു കപ്പലിൽ കയറ്റാൻ പറ്റുമായിരുന്നുവോ? വിഷ സർപ്പങ്ങളും ഹിംസ്ര ജന്തുക്കളുമെല്ലാം വിഹരിക്കുന്ന കപ്പലിൽ നൂഹ് നബിക്കും പരിമിതരായ ശിഷ്യർക്കും എങ്ങനെ സുരക്ഷിതരായി സഞ്ചരിക്കാനാകും? കപ്പലിന്റെ വലിപ്പത്തെക്കുറിച്ച് ബൈബിളിലും മറ്റും വന്നിട്ടുള്ള പ്രസ്താവനയനുസരിച്ച് നൂഹ് നബിക്കും ശിഷ്യന്മാർക്കും പുറമെ ഭൂമുഖത്തുള്ള സകല ജീവജാലങ്ങളുടെയും ജോടികളെ കൂടി ഉൾക്കൊള്ളാനുള്ള വ്യാപ്തി ആ കപ്പലിനുണ്ടായിരുന്നില്ല. അവരുടെ ജീവിതവുമായി ബന്ധപ്പെട്ടതും അവർക്ക് സുപരിചിതവുമായ 'എല്ലാ' ജന്തുക്കളുമാണ് ഇവിടെ كُلّ -ന്റെ താൽപര്യം. നാൽക്കാലികളും മറ്റു വീട്ടു മൃഗങ്ങളും പക്ഷികളുമൊക്കെയാണത്. ഇണകളായി രണ്ടെണ്ണം ആണ് زَوْجَيْنِ اثْنَيْنِ. ഓരോ വർഗത്തിൽ നിന്നും ഒരാണും പെണ്ണുമായി രണ്ടെണ്ണത്തെ എന്നു താൽപര്യം. ചരിച്ചു, ചരിപ്പിച്ചു എന്നും, പ്രവേശിച്ചു, പ്രവേശിപ്പിച്ചു എന്നും അർഥമുള്ള سلك -യിൽ നിന്നുള്ള കൽപനാ രൂപമാണ് اُسْلُكْ . ഓരോ വർഗത്തിൽ നിന്നും ഒരാണിനെയും പെണ്ണിനെയും മാത്രം കപ്പലിൽ കയറ്റാൻ കൽപിച്ചത് അതിൽ കൂടുതൽ കയറ്റാതിരിക്കാനാണ്. ഓരോരുത്തരും വീട്ടിലുള്ള സകല മൃഗങ്ങളെയും കൊണ്ടുവന്ന് കപ്പലിൽ കയറ്റിയാലുണ്ടാകുന്ന ബുദ്ധിമുട്ട് ഊഹിക്കാവുന്നതാണല്ലോ. أهل എന്ന പദം ഭാര്യയെയും മറ്റു ബന്ധുക്കളെയും സുഹൃദ് ജനങ്ങളെയും അനുയായികളെയും ഉൾക്കൊള്ളുന്നു. ഒരു നാടുമായോ വസ്തുവുമായോ ആശയവുമായോ ബന്ധപ്പെട്ടവരെയും അതിന്റെ أهل എന്നു പറയും. ഉദാ: അഹ്‌ലുൽ മദീന, അഹ്‌ലുൽ കിതാബ്, അഹ്‌ലുശ്ശിർക്ക്. ഇവിടെ സൂചിപ്പിക്കുന്നത് നൂഹ് നബിയുടെ ഭാര്യയെയും പുത്രന്മാരെയുമാണെന്ന് ചില പണ്ഡിതന്മാർ പറഞ്ഞിരിക്കുന്നു. അവരുടെ വീക്ഷണത്തിൽ ഭാര്യ ഉൾപ്പെടെയുള്ള ബന്ധുക്കളാണ് أهل . പുണ്യ പുരുഷന്മാരുടെ ഭാര്യമാരായിരുന്നിട്ടും, സത്യനിഷേധവും ദൈവധിക്കാരവും കൈക്കൊണ്ട് നാശത്തിലകപ്പെട്ട സ്ത്രീകൾക്ക് ഉദാഹരണമായി നൂഹ് നബിയുടെ ഭാര്യയെ സൂറഃ *അത്തഹ്‌രീം* (66:10) സൂക്തം ചൂണ്ടിക്കാണിക്കുന്നുണ്ട്, ഒരു പുത്രൻ ശിക്ഷയിലകപ്പെട്ട കാര്യം സൂറഃ *ഹൂദി*ലും പറയുന്നു. ഈ ഭാര്യയും പുത്രനുമല്ലാതെ നൂഹ് നബിക്ക് വേറെയും ഭാര്യയും പുത്രന്മാരും അവർക്ക് ഭാര്യമാരും ഉണ്ടായിരുന്നു. സാം, ഹാം, യാഫിത് എന്നിവരായിരുന്നു പുത്രന്മാർ. പ്രളയത്തിലകപ്പെട്ട പുത്രന്റെ പേർ 'യാം' ആയിരുന്നുവെന്നും 'കൻആൻ' ആയിരുന്നുവെന്നും രണ്ടു പക്ഷമുണ്ടെന്നും അവർ പറയുന്നു.

പ്രവാചകന്മാരുടെ കാര്യത്തിൽ കുടുംബാംഗങ്ങളെക്കാൾ അവരുടെ أهل ആവുക അനുയായികളാണ്. പ്രളയത്തിലകപ്പെട്ട മകനെ ചൊല്ലി നൂഹ്(അ) إِنَّ ابْنِي مِنْ أَهْلِي (എന്റെ പുത്രൻ എന്റെ അഹ്‌ൽ ആണല്ലോ- 11:45) എന്നു പരിതപിച്ചപ്പോൾ അല്ലാഹു നൽകിയ മറുപടി إِنَّهُ لَيْسَ مِنْ أَهْلِكَ (11:46) അവൻ നിന്റെ അഹ്‌ൽ അല്ല എന്നാണ്. നൂഹ് നബിയുടെ ജനതയിൽ വളരെ ചുരുക്കം ചിലയാളുകൾ അദ്ദേഹത്തിൽ വിശ്വസിച്ചിരുന്നുവെന്ന് ഖുർആൻ മറ്റു സ്ഥലങ്ങളിൽ സൂചിപ്പിക്കുന്നുണ്ട്. അല്ലാഹുവിന്റെ സുന്നത്ത് പ്രകാരം നാശം വിധിക്കപ്പെട്ടു കഴിഞ്ഞവരാണ് إِلَّا مَن سَبَقَ عَلَيْهِ الْقَوْلُ കൊണ്ടുദ്ദേശ്യം. ഇക്കൂട്ടത്തിൽ നൂഹ് നബിയുടെ പുത്രനും ഉണ്ടായിരുന്നതായി *ഹൂദ്* 42-ാം സൂക്തത്തിൽ നിന്ന് വ്യക്തമാകുന്നു. അതിക്രമകാരികളായവരുടെ കാര്യം എന്നോട് സംസാരിക്കേണ്ട- وَلَا تُخَاطِبْنِي فِي الَّذِينَ ظَلَمُوا - എന്നതിലെ അതിക്രമകാരികളായവർ പ്രവാചകനെ നിഷേധിക്കുകയും അദ്ദേഹത്തിന്റെ ധർമോപദേശങ്ങൾ ധിക്കരിച്ച് തള്ളുകയും ചെയ്യുക വഴി തങ്ങളോടു തന്നെ അധർമമനുവർത്തിച്ച് സ്വന്തം നാശം സ്വയം വിളിച്ചുവരുത്തിയവരാണ്. അവരെ ദൈവകോപത്തിന്റെ തിരമാലകൾ വലയം ചെയ്യുമ്പോൾ അലിവും കനിവും തോന്നി പ്രവാചകൻ അവർക്ക് വേണ്ടി അല്ലാഹുവിനോട് പ്രാർഥിക്കേണ്ടതില്ല എന്നുണർത്തുകയാണീ വാക്യം. ശിക്ഷ വന്നെത്തുന്നതോടെ പ്രബോധനത്തിന്റെയും പ്രാർഥനയുടെയും ഘട്ടം അവസാനിക്കുന്നു. പിന്നെ അവരുടെ കാര്യത്തിൽ പ്രവാചകന് യാതൊരനുഭാവവും ഉണ്ടാവേണ്ടതില്ല. ഈ ലോകത്തു പോലും അല്ലാഹു ആർക്കെങ്കിലും ശിക്ഷ വിധിച്ചു കഴിഞ്ഞാൽ ആ വിധിക്കപ്പെട്ടവരുടെ കാര്യത്തിൽ പിന്നെ ആരുടെയും പ്രാർഥനയും ശിപാർശയും പ്രയോജനപ്പെടുകയില്ലെങ്കിൽ പിന്നെ പരലോകത്തെ കാര്യം പറയേണ്ടതില്ലല്ലോ. ■

فَإِذَا ٱسْتَوَيْتَ أَنتَ وَمَن مَّعَكَ عَلَى ٱلْفُلْكِ فَقُلِ ٱلْحَمْدُ لِلَّهِ
ٱلَّذِى نَجَّىٰنَا مِنَ ٱلْقَوْمِ ٱلظَّٰلِمِينَ ﴿٢٨﴾

**28.** നീയും നിന്റെ കൂടെയുള്ളവരും കപ്പലിൽ കയറിക്കഴിഞ്ഞാൽ പ്രകീർത്തിച്ചുകൊള്ളുക: ദൈവ ധിക്കാരികളായ സമൂഹത്തിൽ നിന്ന് നമ്മെ രക്ഷിച്ച അല്ലാഹുവിന് സ്തുതി!

وَقُل رَّبِّ أَنزِلْنِى مُنزَلًا مُّبَارَكًا وَأَنتَ خَيْرُ ٱلْمُنزِلِينَ ﴿٢٩﴾

**29.** പ്രാർഥിക്കുകയും ചെയ്യുക: നാഥാ എന്നെ ഒരനുഗൃഹീതമായ താവളത്തിൽ ഇറക്കേണമേ! താവളമരുളുന്നവരിൽ ഏറ്റം ഉത്തമൻ നീ തന്നെയാണല്ലോ.

**28,29**

فَإِذَا ٱسْتَوَيْتَ أَنتَ = നീ ഉറച്ചിരുന്നാൽ (കയറിക്കഴിഞ്ഞാൽ) وَمَن مَّعَكَ = നിന്റെ കൂടെയുള്ളവരും
عَلَى ٱلْفُلْكِ = കപ്പലിൽ فَقُلِ = നീ പറയുക (പ്രകീർത്തിക്കുക)
ٱلْحَمْدُ لِلَّهِ ٱلَّذِى نَجَّىٰنَا = ഞങ്ങളെ രക്ഷിച്ചവനായ അല്ലാഹുവിന് സ്തുതി
مِنَ ٱلْقَوْمِ ٱلظَّٰلِمِينَ = അക്രമി(ദൈവധിക്കാരി)കളായ ജനത്തിൽ നിന്ന്
وَقُل = നീ പറയുക (പ്രാർഥിക്കുക) رَّبِّ = എന്റെ നാഥാ أَنزِلْنِى = എന്നെ നീ ഇറക്കേണമേ
مُنزَلًا مُّبَارَكًا = അനുഗൃഹീതമായ ഒരു താവളത്തിൽ وَأَنتَ = നീ തന്നെയാണല്ലോ
خَيْرُ ٱلْمُنزِلِينَ = ഇറക്കിത്താമസിപ്പിക്കുന്നവരിൽ (താവളമൊരുക്കുന്നവരിൽ) ഏറ്റം ഉത്തമൻ

**അ**തിൽ ഇരിപ്പുറപ്പിച്ചു, ശരിയായി സന്തുലിതമായി നില കൊണ്ടു എന്നാണ് استوى عليه -യുടെ അർഥം. 'എല്ലാവരും കപ്പലിൽ കയറി അവരവരുടെ സ്ഥലം കണ്ടെത്തുകയും യാത്രക്ക് സജ്ജരാവുകയും ചെയ്തു കഴിഞ്ഞാൽ' എന്നാണ് فَإِذَا ٱسْتَوَيْتَ أَنتَ وَمَن مَّعَكَ عَلَى ٱلْفُلْكِ എന്ന വാക്യത്തിന്റെ താൽപര്യം. أنزل-യുടെ ഭാഷാർഥം ഇറക്കി എന്നാണ്. യാത്രക്കാരനെ താവളത്തിലിറക്കുക എന്നും, അയാൾക്ക് ആതിഥ്യം നൽകുക എന്നും പ്രയോഗാർഥങ്ങളുമുണ്ട്. അതാണ് ഇവിടെ ഉദ്ദേശ്യം. സഞ്ചാരി ഇറങ്ങിത്താമസിക്കുന്ന സ്ഥലമാണ് مُنْزَل. താമസസ്ഥലത്തിന് مَنْزِل എന്നും പറയും. ഇറക്കി താമസിപ്പിക്കുന്നവൻ-ആതിഥേയൻ ആണ് مُنْزِل . അതിന്റെ ബഹുവചനമാണ് مُنْزِلون.

നൂഹ് നബിയുടെയും സംഘത്തിന്റെയും സ്വജനത്തിൽ നിന്നുള്ള കപ്പൽ പ്രയാണം ഇതേ സാഹചര്യത്തിൽ മറ്റു പ്രവാചകന്മാർ അവരുടെ സമുദായങ്ങളിൽ നിന്ന് പ്രയാണം ചെയ്യേണ്ടിവന്നിട്ടുള്ളതുപോലെ തന്നെയാണ്. ഹിജ്റ പുറപ്പെടുന്ന പ്രവാചകന്മാർക്ക് അല്ലാഹു ആ സന്ദർഭത്തിനുചിതമായ പ്രാർഥനകൾ ഉപദേശിക്കാറുണ്ടായിരുന്നു. നൂഹ് നബിയും സഖാക്കളും കപ്പലിൽ കയറിക്കഴിഞ്ഞ് യാത്ര തുടങ്ങുമ്പോൾ അല്ലാഹു നൽകിയ ആ മഹാ രക്ഷയുടെ പേരിൽ നന്ദി പ്രകടിപ്പിച്ചുകൊണ്ട് അവന്റെ സ്തുതി കീർത്തനം ചെയ്യാനും പ്രാർഥിക്കാനും ഉപദേശിച്ചു. ഞങ്ങളെ അക്രമകാരികളിൽ നിന്ന് മോചിപ്പിച്ച അല്ലാഹുവിന് സർവ സ്തുതിയും. 'നാഥാ, ഞങ്ങളെ കൊണ്ടുപോയി ഇറക്കുന്നത് അഥവാ ഞങ്ങൾക്ക് ആതിഥ്യമരുളുന്നത് നിന്റെ അനുഗ്രഹവും കാരുണ്യവും നിറഞ്ഞ ദേശത്തായിരിക്കേണമേ, ആതിഥ്യമരുളുന്നവരിൽ ഏറ്റവും വിശിഷ്ടൻ നീയാണല്ലോ.' ഇതേ ആശയത്തിലുള്ള പ്രാർഥന മുഹമ്മദ് നബി(സ)യുടെ ഹിജ്റാ വേളയിലും ഉപദേശിച്ചിരുന്നതായി കാണാം.

وَقُل رَّبِّ أَدْخِلْنِى مُدْخَلَ صِدْقٍ وَأَخْرِجْنِى مُخْرَجَ صِدْقٍ وَٱجْعَل لِّى مِن لَّدُنكَ سُلْطَٰنًا نَّصِيرًا ﴿٨٠﴾

(പ്രവാചകൻ പ്രാർഥിച്ചുകൊള്ളുക: നാഥാ എന്നെ എവിടെ പ്രവേശിപ്പിച്ചാലും മാന്യമായി പ്രവേശിപ്പിക്കേണമേ, എവിടെ നിന്നു പുറപ്പെടുവിച്ചാലും മാന്യമായി പുറപ്പെടുവിക്കേണമേ. നിന്നിൽനിന്നുള്ള ഒരധികാര ശക്തി എനിക്ക് തുണയാക്കി തരികയും ചെയ്യേണേ!-17:80) അല്ലാഹു നേരിട്ടുപദേശിക്കുന്ന ഇത്തരം പ്രാർഥനകൾ ഭാവിയെ സംബന്ധിച്ച് സുവിശേഷവും ഉൾക്കൊള്ളുന്നുണ്ട്. അതായത് അല്ലാഹു നിങ്ങളെ അധമരിൽ നിന്നും അധർമികളിൽ നിന്നും മോചിപ്പിച്ചിരിക്കുന്നു. ഇനി നിങ്ങൾ അനുഗൃഹീതമായ ഒരു ദേശത്ത് വിശിഷ്ടാതിഥികളൊന്നോണം ചെന്നെത്തുന്നതാകുന്നു. അവിടെ നിങ്ങളുടെ എണ്ണവും വണ്ണവും പെരുകും. അങ്ങനെ ലോകം വീണ്ടും ജനനിബിഡമാകും. അതിനാവശ്യമായ വിഭവങ്ങളെല്ലാം ഒരുക്കിത്തരാൻ കഴിവും കാരുണ്യവുമുള്ള ആതിഥേയനാണത്രേ അല്ലാഹു. ■

Matrimonial

മുസ്ലിം യുവാവ് (35/5'6"). SSLC. പുനർവിവാഹം. തൃശൂർ ജില്ല. അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു.
9744630359

30. ഈ സംഭവത്തിൽ മഹത്തായ ദൃഷ്ടാന്ത ങ്ങളുണ്ട്. തീർച്ചയായും നാം മനുഷ്യരെ പരീക്ഷിച്ചുകൊണ്ടിരിക്കുന്നവനാകുന്നു.

إِنَّ فِي ذَٰلِكَ لَآيَاتٍ وَإِن كُنَّا لَمُبْتَلِينَ ﴿٣٠﴾

**30**

إِنَّ فِي ذَٰلِكَ = ഇതിൽ (ഈ സംഭവത്തിൽ) ഉണ്ട് 
لَآيَاتٍ = തീർച്ചയായും (മഹത്തായ) ദൃഷ്ടാന്തങ്ങൾ

وَإِن كُنَّا = തീർച്ചയായും നാം ആയിരിക്കുന്നു (ആകുന്നു)

لَمُبْتَلِينَ = (മനുഷ്യരെ) പരീക്ഷി(ച്ചുകൊണ്ടിരി)ക്കുന്നവർ തന്നെ

**ഈ** ചരിത്രം അനുസ്മരിക്കാനിടയാക്കിയ മൗലിക വിഷയത്തിലേക്കാണ് സൂചന. അതായത്, ആഴത്തിൽ ആലോചിക്കുന്നവർക്ക് നൂഹ് ചരിത്രത്തിലെ ഈ സംഭവത്തിൽ നിരവധി സത്യങ്ങൾ കണ്ടെത്താൻ കഴിയും. അല്ലാഹു ഈ ലോകം സൃഷ്ടിച്ചു വിട്ട ശേഷം അതുമായി യാതൊരു ബന്ധവുമില്ലാതെ എങ്ങോ പോയി കുത്തിയിരിക്കുകയല്ല എന്നാണിത് മുന്നോട്ടുവെക്കുന്ന ഏറ്റം തെളിഞ്ഞ സത്യം. അല്ലാഹു സൃഷ്ടികളുടെ മാർഗദർശനത്തിനും സംസ്കരണത്തിനും ദൈവദൂതന്മാരെ നിയോഗിക്കുന്നു. പ്രവാചകന്മാരെ തള്ളിപ്പറയാനും ധർമശാസനകൾ ധിക്കരിക്കാനും ധൃഷ്ടരാകുന്നവർക്ക് ഒരു പരിധിവരെ സാവകാശം നൽകുന്നു എന്നതാണ് രണ്ടാമത്തെ സത്യം. സമയ പരിധി കഴിയുന്നതോടെ അല്ലാഹു അവരെ പിടികൂടുന്നു. ആ പിടുത്തത്തിൽ നിന്ന് അവരെ രക്ഷിക്കാൻ ആർക്കുമാവില്ല. സത്യാസത്യ സംഘട്ടനത്തിൽ പ്രവാചകനും അദ്ദേഹത്തെ പിന്തുണച്ചവർക്കും തന്നെയായിരിക്കും അന്തിമ വിജയം എന്നതാണ് മൂന്നാമത്തെ സത്യം. പക്ഷേ, ഈ വിജയ സൗഭാഗ്യത്തിലെത്താൻ അവർ കടുത്ത പരീക്ഷണങ്ങളിലൂടെ കടന്നുപോകേണ്ടതുണ്ട്. وَإِن كُنَّا لَمُبْتَلِينَ എന്ന വാക്യം അത് ദൈവിക നടപടിക്രമം- സുന്നത്ത്- ആണെന്ന് സൂചിപ്പിക്കുന്നു. പ്രവാചകന്മാർ പ്രബോധനം ചെയ്ത ആദർശം എല്ലാ കാലത്തും അടിസ്ഥാനപരമായി ഒന്നായിരുന്നതുപോലെ അതിന്റെ പ്രതിയോഗികളുടെ എതിർപ്പിന്റെ സ്വഭാവവും എക്കാലത്തും ഒന്നു തന്നെയാകുന്നു. അതിനാൽ ഓരോ പ്രവാചകന്റെയും ജീവിതം ഇതര പ്രവാചകന്മാർക്കും ഓരോ സമുദായത്തിന്റെയും ചരിത്രം ഇതര സമുദായങ്ങൾക്കും സുസ്ഥിരമായ പാഠമാകുന്നു. ■


